LIBRARY ARCHIVES Kerala Legislative Assembly

വല്ലാർപാടം കണ്ടെയിനർ പ്രോജക്ട്

97 [1637] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയിനർ പ്രോജക്ട് പ്രവർത്തനം എത്രത്തോളം പുരോഗമിച്ചു;

(ബി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ട റോഡുകൾ, പാലങ്ങൾ, റയിൽവേ എന്നിവയുടെ പ്ലാൻ പൂർത്തീകരിച്ചോ;

(സി) ഇവയുടെ അലൈൻമെന്റ് പൂർത്തീകരിച്ചെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) കൊച്ചിൻ പോർട്ട് ട്രസ്റ്റും ദുബായ് പോർട്ട് ഇന്റർനാഷണലിന്റെ സബ്സിഡിയറായ ഇൻഡ്യാ ഗേറ്റ് വേ ടെർമിനൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി 31-1-2005-ൽ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. നിലവിലുള്ള രാജീവ്ഗാന്ധി ടെർമിനൽ പദ്ധതി 2005 ഏപ്രിൽ മാസം 1-ാം തീയതി ഗേറ്റ് വേ പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുത്ത് രാജീവ്ഗാന്ധി ടെർമിനലിന് ആവശ്യമായ നവീകരണ, വിപുലീകരണ പ്രവർത്തനങ്ങൾ അവർ നടത്തുന്നതാണ്. വല്ലാർപാടത്തു സ്ഥാപിക്കുന്ന പുതിയ കണ്ടെയിനർ ടെർമിനൽ പദ്ധതി 2009 ഏപ്രിൽ 1-നു മുൻപ് പൂർത്തിയാക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ്, റെയിൽ കണക്ടിവിറ്റി, ട്രാഫിക് ഇവ പൂർത്തീകരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) & (സി) ഈ പ്രോജക്ടുമായി ബന്ധപ്പെട്ട റോഡുകൾ, പാലങ്ങൾ, റയിൽവേ എന്നീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പ്രാരംഭ എൻജിനീയറിംഗ് ട്രാഫിക് പഠനം സതേൺ റെയിൽവേ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ റെയിൽ വികാസ് നിഗം ഒരു ബാങ്കബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി റയിൽവേ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. റയിൽവേ ബോർഡ് ആയത് പരിശോധിക്കുകയും അതിന്റെ സാമ്പത്തികബാദ്ധ്യത നോക്കുമ്പോൾ സ്വകാര്യ പങ്കാളിത്തത്തോട് ചെയ്യുന്നതായിരിക്കും ഉത്തമമെന്നും തീരുമാനിച്ചിട്ടുണ്ട്.

ദക്ഷിണ റെയിൽവേയുടെ നിർദ്ദിഷ്ട അലൈൻമെന്റിൽ ജനസാന്ദ്രതയേറിയ പ്രദേശങ്ങളും പൊതുജനോപകാരപ്രദമായ സ്ഥാപനങ്ങളും ഉൾപ്പെടുന്നതിനാൽ ജനപ്രതിനിധികളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉൽക്കണ്ഠ പ്രകടിപ്പിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ, ഏറ്റവും കൂടുതൽ അനുയോജ്യവും സ്വീകാര്യവുമായ മറ്റ് അലൈൻമെന്റുകളെ സംബന്ധിച്ച ഒരു ടെക്നോ-ഇക്കണോമിക് സ്റ്റഡിമെസേഴ്സ് ബാലാജി റെയിൽറോഡ് സിസ്റ്റം വഴി നടത്തുന്നതിനുള്ള ചുമതല മെസേഴ്സ് ആർ. വി. എൻ. എൽ. (RVNL)-നെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പഠനം നടന്നുവരുന്നു.

കളമശ്ശേരി എൻ. എച്ച്.-ൽ നിന്നും ആരംഭിച്ച് ടി. സി. സി., ഫാക്ട്, ചേരനെല്ലൂർ, കോത്താട്, മൂലംപിള്ളി, മുളവുംകാട്, ബോൾഗാട്ടി പ്രദേശത്തുകൂടി പോകുന്ന ഏകദേശം 17 കി. മീറ്റർ നീളമുള്ള ഫോർലൈൻ എൻ. എച്ച്. കണക്ടിവിറ്റി റോഡിനുവേണ്ടിയുള്ള ശുപാർശയുടെ ഒരു അലൈൻമെന്റിന്റെ സർവേ റിപ്പോർട്ട് പൂർത്തീകരിച്ചുവരുന്നുണ്ട്.

കൊച്ചി തുറമുഖത്തെ സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം

98 [1641] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ള സ്റ്റോറേജ് ടാങ്കുകളിൽ ഒരെണ്ണം അടുത്ത കാലത്ത് തകർന്നു വീണത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(ബി) കൊച്ചി തുറമുഖത്ത് സ്റ്റോറേജ് ടാങ്കുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. കൊച്ചി തുറമുഖം സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ വരുന്നില്ല. 19-6-2005-ൽ ഉണ്ടായ അപകടത്തെ തുടർന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ ആരംഭിക്കുകയും ഇൻഡ്യൻ രജിസ്ട്രാർ ഓഫ് ഷിപ്പിംഗിനെ സേഫ്റ്റി ആഡിറ്റ് നടത്തുന്നതിന് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതിനും രജിസ്ട്രാർ ഓഫ് ഷിപ്പിംഗ് ശുപാർശ ചെയ്യുന്ന സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

പി. എസ്. സി. പരീക്ഷ ഉത്തരക്കടലാസിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി

99 [1642] *ശ്രീ കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം സംബന്ധിച്ച് തൊഴിൽരഹിതർക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly